**കേരള സർക്കാർ**
**സംഗ്രഹം**

ധനകാര്യ വകുപ്പ് - നിയോജകമണ്ഡല ആസ്തി വികസന പദ്ധതി - ലൈഫ് പദ്ധതിയിൽ നിയോജകമണ്ഡല ആസ്തി വികസന ഫണ്ട് വിനിയോഗിക്കുന്നതിനായി മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്നത് - സംബന്ധിച്ച്.

---

## ധനകാര്യ (നോഡൽ സെന്റർ - ബി) വകുപ്പ്

സ.ഉ.(അച്ചടി) നം.163/2019/ധന. തിരുവനന്തപുരം,തീയതി : 26/11/2019.

---

**പരാമർശം:** 1. സ.ഉ.(അച്ചടി) നം. 119/2018/ധന. തീയതി 04/08/2018.
2. 05/08/2019 ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ലൈഫ് മിഷൻ അവലോകന യോഗത്തിന്റെ മിനുട്സ്.

## ഉത്തരവ്

പരാമർശം (1) ഉത്തരവ് പ്രകാരം നിയോജകമണ്ഡല ആസ്തി വികസന പദ്ധതി നടപ്പാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് അനുസരിച്ച് നിയോജകമണ്ഡല ആസ്തി വികസന ഫണ്ട് മറ്റ് ഫണ്ട്/പദ്ധതികളുമായി ചേർത്ത് വിനിയോഗിക്കാൻ വ്യവസ്ഥയില്ല. എന്നാൽ പരാമർശം (2) ലെ യോഗത്തിൽ 'തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്വന്തമായി സ്ഥലം വാങ്ങുകയും/കണ്ടെത്തുകയും ഭൂരഹിത, ഭവനരഹിത ഗുണഭോക്തൃ പട്ടിക അന്തിമമാക്കുകയും ചെയ്യുന്ന മുറയ്ക്ക് എം.എൽ.എ മാരുടെ ആസ്തി വികസന ഫണ്ട് ലൈഫ് മിഷൻ ഭവന സമുച്ചയങ്ങളുടെ നിർമ്മാണത്തിന് ലഭ്യമാക്കുന്നത് തീരുമാനിക്കാവുന്നതാണ് ' എന്ന നിർദ്ദേശം മുന്നോട്ട് വയ്ക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) പ്രകാരമുള്ള ഉത്തരവിൽ താഴെപ്പറയുന്ന ഭേദഗതികൾ കൂടി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു:

1. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്വന്തമായി സ്ഥലം വാങ്ങുകയും/കണ്ടെത്തുകയും ഭൂരഹിത, ഭവനരഹിത ഗുണഭോക്തൃ പട്ടിക അന്തിമമാക്കുകയും ചെയ്യുന്ന മുറയ്ക്ക് നിയോജകമണ്ഡല ആസ്തി വികസന ഫണ്ട് ലൈഫ് മിഷൻ ഭവന സമുച്ചയങ്ങളുടെ നിർമ്മാണത്തിനായി വിനിയോഗിക്കാവുന്നതാണ്.

2. നിയോജകമണ്ഡല ആസ്തി വികസന ഫണ്ട് ഒരു ഭവന സമുച്ചയത്തിന്റെ നിർമ്മാണ ചെലവിന്റെ 50% ൽ കൂടുതൽ വിനിയോഗിക്കുകയാണെങ്കിൽ ടി ഭവന സമുച്ചയം ലൈഫ് ഗുണഭോക്താക്കൾക്കായി നിയോജകമണ്ഡല ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച കെട്ടിടം എന്ന് നാമകരണം ചെയ്യാവുന്നതാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**കെ.എസ്. ഉഷ**
**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

**പകർപ്പ് :**

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), ( ജി&എസ്.എസ്.എ), കേരള, തിരുവനന്തപുരം,
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം.
3. ബഹു. സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്
4. ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
5. എല്ലാ മന്ത്രിമാരുടെയും പ്രതിപക്ഷ നേതാവിന്റെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
6. എല്ലാ എം.എൽ.എ. മാർക്കും
7. എല്ലാ ഭരണവകുപ്പുകൾക്കും
8. ട്രഷറി ഡയറക്ടർക്ക്.
9. എല്ലാ വകുപ്പധ്യക്ഷൻമാർക്കും
10. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ.
11. എല്ലാ ജില്ലാ കളക്ടർമാർക്കും
12. പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർക്ക്
13. അഡീഷണൽ സെക്രട്ടറി, ധനകാര്യ പരിശോധനാ വിഭാഗം
14. എല്ലാ ചീഫ് എഞ്ചിനീയർമാർക്കും
15. എല്ലാ ട്രഷറി ഓഫീസർമാർക്കും
16. നോഡൽ ഓഫീസർ, www.finance.kerala.gov.in
17. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി [E-1345874]

ഉത്തരവിൻ പ്രകാരം,

**സെക്ഷൻ ഓഫീസർ**